പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം **5336** 26/03/2018 ൽ മറുപടിക്ക്

## സർവ്വേ നമ്പറുകളിലെ തെറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർവ്വേ നമ്പരുകൾ തെറ്റായി രേഖപ്പെടുത്തിയത് മൂലം ഭൂനികുതി അടയ്ക്കാൻ കഴിയാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. റീസർവ്വേയിൽ ഉണ്ടായ അപാകതകൾ മൂലമുള്ള കേസുകളിൽ കക്ഷികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ താലൂക്കുകളിലെ എൽ.ആർ.എം. മുഖേന പരാതികൾ പരിഹരിച്ച് വരുന്നു. പോക്കുവരവ് കേസുകളിൽ ഉണ്ടാകുന്ന സർവ്വേ നമ്പരുകളിലെ പിശകുകൾ, തഹസീൽദാർ (എൽ.ആർ), സബ് കളക്ടർ എന്നിവർക്ക് ലഭിക്കുന്ന അപേക്ഷകളിലൂടെയും പരിഹരിച്ച് വരുന്നു. പട്ടയത്തിൽ തെറ്റായി സർവ്വെ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഇടുക്കി ജില്ലയിൽ പ്രശ്ന പരിഹാരത്തിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട തഹസീൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സർവ്വേ നമ്പറുകളിലെ തെറ്റുകൾ തിരുത്തുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ എത്ര പരാതി ലഭിച്ചിട്ടുണ്ടെന്നും എത്രയെണ്ണം തീർപ്പുകൽപ്പിച്ചു വെന്നും വ്യക്തമാക്കുമോ; | (ബി) 122 പരാതികൾ ലഭിച്ചതിൽ 53 എണ്ണം തീർപ്പുകൽപ്പിച്ചിട്ടുണ്ട്. |
| (സി) പരാതികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) പരാതികൾ തീർപ്പു കൽപ്പിക്കുന്നതിനുള്ള എൽ.ആർ.എം. പ്രവർത്തനങ്ങളിലുണ്ടായിരുന്ന വിവിധ ഘട്ടങ്ങളും ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ലഘൂകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ താലൂക്ക് തലത്തിൽ അദാലത്തുകൾ നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ